(സി) 1998- സീസണെ അപേക്ഷിച്ച് '99 സീസണിൽ ക്വിന്റലിന് 200 രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ഡി) കൊപ്രയ്ക്ക് ക്വിന്റലിന് 400 രൂപയും ഉണ്ടകൊപ്രയ്ക്ക് 4170 രൂപയും താങ്ങുവില പ്രഖ്യാപിക്കണമെന്നായിരുന്നു സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നത്.

(ഇ) ഇപ്പോൾ പ്രഖ്യാപിച്ച താങ്ങുവില അപര്യാപ്തമാണ്.

(എഫ്)ഉണ്ട്.

(ജി) ഡിസംബറിൽ തന്നെ താങ്ങുവില പ്രഖ്യാപിക്കണമെന്ന് നിരവധി പ്രാവശ്യം ആവശ്യപ്പെട്ടിരുന്നു.

(എച്ച്)&(ഐ) കൊപ്രയുടേയും വെളിച്ചെണ്ണയുടേയും മാത്രമല്ല പാംഓയിൽ തുടങ്ങിയ ഭക്ഷ്യ എണ്ണകളുടേയും ഇറക്കുമതി നിരോധിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്.

(ജെ) ഇന്ത്യാ-ശ്രീലങ്കാ സ്വതന്ത്ര വ്യാപാര കരാർ പ്രകാരം കൊപ്രയും വെളിച്ചെണ്ണയും സ്വതന്ത്രമായി ഇറക്കുമതി ചെയ്യരുതെന്ന് ആവശ്യപ്പെട്ടതിന്റെ ഫലമായി അവയെ നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തുമെന്ന് പ്രഖ്യാപനമുണ്ടായിരുന്നു.

18 (*274) കൃഷിക്കാർക്ക് പെൻഷൻ പദ്ധതിയും ക്ഷേമനിധിയും

ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. എളമരം കരീം :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കൃഷിക്കാർക്ക് പെൻഷൻ പദ്ധതി ക്ഷേമനിധിയും ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ പെൻഷൻ പദ്ധതിയും ക്ഷേമനിധിയും ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പഠനത്തിന്റെ വെളിച്ചത്തിൽ കൃഷിക്കാർക്കുള്ള പെൻഷനും ക്ഷേമനിധിയും എപ്രകാരം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ)-(ഡി) കർഷകരുടെ ക്ഷേമം മുൻനിർത്തിയുള്ള ഒരു ബൃഹത്തായ പെൻഷൻ പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

19 (*275) വ്യാജവാറ്റു തടയാൻ നടപടി

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) അനധികൃത മദ്യവാറ്റും വില്പനയും സംസ്ഥാനത്ത് വ്യാപകമായ തോതിൽ നടക്കുന്നുണ്ടെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഇല്ല

(ബി) വ്യാജവാറ്റും വില്പനയും തടയുന്നതിനായി വ്യാജവാറ്റു കേന്ദ്രങ്ങളിൽ ശക്തമായ റെയ്ഡുകൾ നടത്തുകയും ചെക്ക് പോസ്റ്റുകൾ ശക്തമാക്കുകയും, പരിശോധനകളും റെയ്ഡുകളും വ്യാപകമാക്കുകയും അബ്കാരി കുറ്റകൃത്യങ്ങൾക്ക് കടുത്ത ശിക്ഷ നൽകുകയും ചെയ്തുവരുന്നു. അബ്കാരി ആക്ടിൽ ഭേദഗതി വരുത്തി, പുതിയ ഭേദഗതി പ്രകാരം അബ്കാരി കുറ്റകൃത്യങ്ങൾ ജാമ്യമില്ലാത്തവയാക്കി, കൂടാതെ അബ്കാരി കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷ 10 വർഷമായി വർദ്ധിപ്പിക്കുകയും ഏറ്റവും കുറഞ്ഞ പിഴ 1 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു., കൂടാതെ സംസ്ഥാന, ജില്ല, ബ്ളോക്ക് തലങ്ങളിൽ ജനകീയ സമിതികൾ രൂപീകരിച്ച്, പോലീസ്, റവന്യൂ, ഫോറസ്റ്റ്, ഉദ്യോഗസ്ഥരുടെ എൻഫോഴ്സ്മെന്റ് വർക്കുകളെ സഹായിക്കുന്നുമുണ്ട്.

20 (*276) വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വന്യ ജീവികളെ സംരക്ഷിക്കാൻ നടപടി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വന്യജീവികളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അവസാനമായി കണക്കാക്കിയിട്ടുള്ളത് എന്നാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതൊക്കെയിനം മൃഗങ്ങളാണ് അസാധാരണമായി കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ കാരണത്തെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ ഏതൊക്കെ വന്യജീവികളാണ് വംശനാശഭീഷണി നേരിടുന്നത്?

(ഇ) ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് അടിയന്തിരമായി നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിത ദാസൻ നാടാർ) :

(എ) ഉണ്ട്. 1997-ലാണ് സംസ്ഥാനത്ത് അവസാനമായി വന്യജീവികളുടെ സെൻസസ് നടത്തിയത്.

(ബി) വന്യജീവികൾ അസാധാരണമായി കുറയുന്നതായി വന്യജീവി സെൻസസ് പ്രകാരം കണ്ടെത്തിയിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly